# ശ്രീ പിഷാരികാവ് ദേവസ്വം
(മലബാർ ദേവസ്വം ബോർഡ്)
പി.ഒ. കൊല്ലം, കൊയിലാണ്ടി, കോഴിക്കോട്, പിൻ: 673307,ഫോൺ: 0496 2620568
www.pisharikavukollam.in, pisharikavukollam@gmail.com, mobile: 828115213

പി.ഡി. 05/23 04.03.2023

## ക്വട്ടേഷൻ നോട്ടീസ്സ്.

### സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ പ്രവൃത്തി

2023 ലെ ശ്രീ പിഷാരികാവ് ക്ഷേത്ര കാളിയാട്ട മഹോത്സവത്തിന് (മാർച്ച് 24 മുതൽ 31 കൂടി) 8 ദിവസം 13 ക്യാമറകൾ ( ഭക്ഷണ ശാല 8, കാളിയാട്ട പറമ്പ് 1, ക്ഷേത്രം ആനക്കുളങ്ങര റോഡ് 2, കൊല്ലം കവാടം റോഡ് 2, വലിയവിളക്ക് കാളിയാട്ടം ദിവസങ്ങളിൽ ഡ്രോണും) ഏർപ്പെടുത്തുന്നതിന് യോഗ്യരായ ആളുകളിൽ നിന്നും എത്ര രൂപയ്ക്ക് ചെയ്തു തരുമെന്ന് കാണിച്ചു കൊണ്ടുള്ള സീലു വെച്ച ക്വട്ടേഷൻ 2023 മാർച്ച് 13ന് തിങ്കളാഴ്ച്ച 10.30 മണിക്ക് മുൻപായി ഓഫീസിൽ കിട്ടത്തക്കവണ്ണം ക്ഷണിക്കുന്നു. പകലും രാത്രിയും ദൃശ്യങ്ങൾ വ്യക്തമായി കാണത്തക്ക വിധം ക്ലാരിറ്റിയുള്ള ക്യാമറകളാകണം സ്ഥാപിക്കേണ്ടത്. മുഴുവൻ ക്യാമറകളിലെയും ദൃശ്യങ്ങൾ കാണുന്നതിനുള്ള മോണിറ്റർ വഴിവാട് കൗണ്ടറിനു മുകളിൽ സ്ഥാപിക്കേണ്ടതാണ്. ഉത്സവ ദിവസങ്ങളിലെ പ്രധാന ദൃശ്യങ്ങൾ D V R ൽ നിന്നും പെൻഡ്രൈവിൽ റൈറ്റ് ചെയ്ത് ഉത്സവ ശേഷം ദേവസ്വത്തിൽ ഏൽപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം കാലത്ത് 11 മണിക്ക് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷൻ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും കൈക്കൊള്ളുവാനുള്ള അധികാരം ദേവസ്വം അധികൃതരിൽ നിക്ഷിപ്തമാണ്.

Executive Officer
SREE PISHARIKAVU DEVASWAM
P.O.KOLLAM, KOYILANDY

കോപ്പികൾ:

1. നോട്ടീസ്സ് ബോർഡ്.
2. ദേവസ്വം വെബ്സൈറ്റ്.
3. അധികം.

# ശ്രീ പിഷാരികാവ് ദേവസ്വം
(മലബാർ ദേവസ്വം ബോർഡ്)

പി.ഒ. കൊല്ലം, കൊയിലാണ്ടി, കോഴിക്കോട്, പിൻ: 673307,ഫോൺ: 0496 2620568
www.pisharikavukollam.in, pisharikavukollam@gmail.com, mobile: 8281152113

പി.ഡി. 05/23 04.03.2023

## ക്വട്ടേഷൻ നോട്ടീസ്സ്.

**താൽക്കാലിക കച്ചവടം**

2023 ലെ ശ്രീ പിഷാരികാവ് ക്ഷേത്ര കാളിയാട്ട മഹോത്സവത്തോടനുബന്ധിച്ച് (മാർച്ച് 24 മുതൽ 31 കൂടി) 8 ദിവസത്തേക്ക് ദേവസ്വത്തിന് ആവശ്യമായത് ഒഴികെയുള്ള സ്ഥലങ്ങൾ കച്ചവട ആവശ്യങ്ങൾക്കായി നൽകുന്നതിന് മുഴുവനായി ഏറ്റെടുക്കുവാൻ തയ്യാറുള്ളവർക്ക് ക്വട്ടേഷൻ/പരസ്യ ലേലം വഴി നൽകുന്നതാണ്. ക്വട്ടേഷൻ/ലേലം എടുത്ത ആൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഢങ്ങളും പാലിച്ചു കൊണ്ട് ക്ഷേത്രാചാരങ്ങൾക്ക് യോജിക്കുന്ന കച്ചവടങ്ങൾ മാത്രമേ നടത്തുവാൻ പാടുള്ളൂ. ക്വട്ടേഷനിൽ പങ്കെടുക്കുന്ന ആൾ 20000/-(ഇരുപതിനായിരം) രൂപ നിരത ദ്രവ്യം അടച്ച് രശീതി ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. കവറിന് പുറത്ത് ഏത് ക്വട്ടേഷനാണെന്ന് എഴുതി സീല് ചെയ്ത ക്വട്ടേഷനുകൾ 13.03.2023 തിങ്കളാഴ്ച ഉച്ചക്ക് 1.00 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചക്ക് 2.00 മണിക്ക് പരസ്യ ലേലം കഴിഞ്ഞതിന് ശേഷം സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതുമാണ്. ക്വട്ടേഷൻ നൽകിയവർക്ക് മാത്രമേ പരസ്യ ലേലത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു. ഇത് സംബന്ധിച്ച ഏത് തീരുമാനങ്ങളും കൈക്കൊള്ളുവാനുള്ള അധികാരം ദേവസ്വം അധികൃതരിൽ നിക്ഷിപ്തമാണ്.

Executive Officer
SREE PISHARIKAVU DEVASWAM
PO. KOLLAM, KOYILANDY

കോപ്പികൾ:

1. നോട്ടീസ്സ് ബോർഡ്.
2. ദേവസ്വം വെബ്സൈറ്റ്.
3. അധികം.